കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മേലൂർ ഗ്രാമപഞ്ചായത്ത്
# 2017-2018

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി7)883/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020

ഫോൺ-0487 2331249
തീയതി:21.06.19
ഇ.മെയിൽ-dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മേലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :മേലൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-11, ഭാഗം 3ലെ 3-3, 3-5, 3-20 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്ഥതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്. എ-ടി.എസ്.ആർ(പി7)883/19 തീയ്യതി: 21.06.19

## തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01/04/2017 മുതൽ 31/03/2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.04.19മുതൽ<br>04.05.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിത.ടി.എസ്.,<br>(ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.ജോമോൻ.ഇ.കെ.<br>(അസി.ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.ജീജോ ജോബ്<br>( ഓഡിറ്റർ) |
| | ശ്രീമതി.നിജു.സി.എസ്.,<br>(ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബാബു. പി.പി. | 01.04.2017<br>മുതൽ<br>31.03.2018വരെ |
| സെക്രട്ടറി | ശ്രീമതി.ലേഖ.വി. | 01.04.2017<br>മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സുജിന.കെ.വി. | 01.04.2017മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനൂപ്.സി.എൻ | 01.04.2017മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി.രാജി.എം.ആർ. | 01.04.2017 മുതൽ 31.12.2017 വരെ |
| | ശ്രീമതി.ധന്യ.വി. | 01.01.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. രജനി ശ്രീധർ | 01.04.2017 മുതൽ 31.03.2018വരെ |
| വി.ഇ.ഒ. (മേലൂർ സർക്കിൾ) | ശ്രീമതി.ജയ.എ.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (കുന്നപ്പിള്ളി സർക്കിൾ) | ശ്രീമതി.ശാന്തികൃഷ്ണ. കെ.ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലീന.പി.ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.അഭിലാഷ്.പി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സെബിൻ.പി.എഫ്. | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേമെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-തൻവർഷവരുമാനത്തിൽ കുറവ്:വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-1 |
| 14 | സഞ്ചയ-രണ്ടു ഗണത്തിൽ ഒരേ കെട്ടിട വിവരം | 2-2 |
| 15 | ഡി ആന്റ് ഓ-അപാകതകൾ | 2-3 |
| 16 | ക്രിമിറ്റോറിയം നടത്തിപ്പ് അപാകതകൾ | 2-4 |
| 17 | വിനോദനികുതി-സിനിമ ടിക്കറ്റ് വിറ്റതിൽ 2016-17,2017-18 വർഷ സെസ്സ് തുക 159360/-രൂപ KSCWF ലേക്ക് അടവാക്കിയിട്ടില്ല | 2-5 |
| 18 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ – അപാകതകൾ | 2-6 |
| 19 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച് | 2-7 |

| | | |
|---|---|---|
| 20 | വിമുക്ത ഭടന്മാരുടെ വസ്തു നികുതിയിളവ്- അപാകതകൾ | 2-8 |
| 21 | പൊളിച്ചുമാറ്റിയ കെട്ടിടഗണത്തിൽ 646 കെട്ടിടങ്ങളുടെ വസ്തുനികുതിഒഴിവാക്കി നല്കൽ- ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകാരമില്ല.മറ്റു അപാകതകൾ | 2-9 |
| 22 | സഞ്ചയ- കെട്ടിടങ്ങളുടെ പ്യൂരിഫിക്കേഷൻ അവലോകനം | 2-10 |
| 23 | 2016-17 വർഷ ഓഡിറ്റിനു ശേഷം വാർഷീക ധനകാര്യ പത്രിക ഭേദഗതി ചെയ്തു.തൊഴിൽനികുതി 19220 രൂപ എഴുതി തള്ളി. | 2-11 |
| | ഭാഗം 3 | |
| 24 | മുച്ചക്രവാഹനം നൽകൽ - ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 3-1 |
| 25 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല. | 3-2 |
| 26 | നിർമ്മാണം തുടങ്ങാത്ത ലബോറട്ടറിയിലേക്ക് ഉപകരണങ്ങൾ വാങ്ങി | 3-3 |
| 27 | പഞ്ചായത്ത് വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം | 3-4 |
| 28 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന പൂർത്തിയാക്കിയിട്ടില്ല | 3-5 |
| 29 | പെണ്ണാടുകളെ വളർത്തൽ പദ്ധതി - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-6 |
| 30 | തെരുവുവിളക്ക് അറ്റകുറ്റപ്പണി- അപാകതകൾ | 3-7 |
| 31 | തെരുവുവിളക്കുകൾ വാങ്ങൽ- അപാകതകൾ | 3-8 |
| 32 | തെരുവ് വിളക്ക് മെയിന്റൻസിന് ആവശ്യമായ സാമഗ്രികൾ വാങ്ങൽ - അപാകതകൾ | 3-9 |
| 33 | തെരുവുവിളക്ക് സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ- അപാകതകൾ | 3-10 |
| 34 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ - പൊതുവായ അപാകതകൾ | 3-11 |
| 35 | ധന വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ലഭ്യമായില്ല – 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-12 |
| 36 | വായനശാലകളിലേക്ക് പുസ്തകങ്ങൾ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-13 |
| 37 | അസാധാരണചെലവുകൾ- ചട്ടങ്ങൾ | 3-14 |

| | | |
|---|---|---|
| | പാലിക്കേണ്ടതാണ് | |
| 38 | മുൻകൂർ നൽകിയത് ക്രമീകരിച്ചില്ല | 3-15 |
| 39 | ലീഗൽ ചാർജ്ജസ്-ആദായ നികുതി കുറവ് ചെയ്തിട്ടില്ല | 3-16 |
| 40 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച് . | 3-17 |
| 41 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം -അധിക തുക നൽകി. | 3-18 |
| 42 | ഗുണഭോക്തൃസമിതി പ്രവൃത്തികൾ - പൊതു അപാകതകൾ | 3-19 |
| 43 | ഓവർ ഹെഡ് ചാർജ് അനുവദിച്ചതിലെ അപാകത | 3-20 |
| 44 | ആശ്രയ ഭവനനിർമ്മാണം (sc) – കുടുംബശ്രീ 'ആക്കൗണ്ടിലേക്ക് കൈമാറിയ പദ്ധതിപ്പണം വിനിയോഗിച്ചില്ല. | 3-21 |
| | ഭാഗം-4 | |
| 45 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 48 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 50 | ഓഡിറ്റ് റിക്കവറി | 4-6 |
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 52 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 55 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 56 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27-03-2017 തീയതിയിലെ 1(2)-ാം നമ്പർ തീരുമാനപ്രകാരം 2017-18 ലെ ബജറ്റ് അംഗീകരിച്ചു. ആയത് 09.02.2018 ലെ (12/1) തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്.റിവൈസ്ഡ് ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 22,62,52,000/-രൂപയും പ്രതീക്ഷിത ചെലവ് 16,50,18,571/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 27.06.2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 04-07-2018 മുതൽ 05-07-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3)1150/18(40) തീയതി 11-07-2018 |

## 1-4 സാമ്പത്തിക വിശകലനം (രസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,42,90,044 |
| വരവ് | 7,20,25,525 |
| ആകെ | 9,63,15,569 |
| ചെലവ് | 6,78,88,943 |
| നീക്കിയിരിപ്പ് | 2,84,26,626 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14591000 | 14591000 | 13523097 | 1067903 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4217423 | 4217423 | 3629385 | 588038 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 26989 | 26989 | 8960 | 18029 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7130000 | 7130000 | 5571155 | 1558845 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3246000 | 3246000 | 2398200 | 847800 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6852480 | 6852480 | 5161679 | 1690801 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) – | | 0 | 1289790 | 1289790 | 1258367 | 31423 |
| സാക്ഷരത | | 14756 | 701 | 15457 | 0 | 15457 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി (Revenue and capital expenditure) | 0 | 5931097 | 5931097 | 5931097 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 51229 | 753153 | 804382 | 7444472 | 59910 |
| | മെറ്റീരിയൽ ചെലവ് | 0 | 22021 | 22021 | 22021 | |
| | ആകെ | 51229 | 6706271 | 6757500 | 6097590 | 59910 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ- (ഐ.സി.ഡി.എസ്) | | 445598 | 621201 | 1066799 | 514813 | 551986 |
| TSC | | 210316 | 46301 | 256617 | 210316 | 46301 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) : കാർഷിക വികസന ഫണ്ട് | | 0 | 200000 | 200000 | 0 | 200000 |
| കേരളോൽസവം | | 15000 | 0 | 15000 | 0 | 15000 |
| നബാർഡ് സഹായം | | 0 | 1349000 | 1349000 | 1344397 | 4603 |
| വിമുക്തി | | 25000 | 12500 | 37500 | 2580 | 34920 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 11269 | 2822930 | 2834199 | 2834199 | 0 |
| | ജില്ലാ പഞ്ചായത്ത് | 850074 | 6350000 | 7200094 | 6630074 | 570000 |
| ബി ഫണ്ട് : തൊഴിൽ രഹിത വേതനം | | 0 | 25920 | 25920 | 25920 | 0 |
| വാർദ്ധക്യ കാല പെൻഷൻ | | 0 | 24211600 | 24211600 | 24211600 | 0 |
| വിധവ പെൻഷൻ | | 0 | 14291700 | 14291700 | 14291700 | 0 |
| അവിവാഹിത പെൻഷൻ | | 0 | 1557300 | 1557300 | 1557300 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികലാംഗ പെൻഷൻ | | 0 | 2824900 | 2824900 | 2824900 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | | 0 | 5395500 | 5395500 | 5395500 | 0 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | | 0 | 360000 | 360000 | 360000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 0 | 26000 | 26000 | 26000 | 0 |
| തനത് ഫണ്ട് | കോ ഓപ്പറേറ്റീവ് ബാങ്ക്, മേലൂർ | 11110153 | 9718846 | 20828999 | 4859423 | 15969576 |
| | ട്രഷറി STSB | 10626004 | 13382826 | 24008830 | 13110101 | 10898729 |
| | TDCB FD | 35654 | 1801 | 37455 | 0 | 37455 |
| | e – payment-SBI | 1802884 | 8387776 | 10190660 | 9328953 | 861707 |
| മറ്റിനം | WGDP | 5114 | 191 | 5305 | 0 | 5305 |
| | NREGS | 51229 | 862153 | 913382 | 853472 | 59910 |
| | Old Age Pension | 9136 | 0 | 9136 | 649 | 8487 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 61485099 | 100 | 41429398 | 2 | 45 | 67.2% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 51229 | 753153 | 804382 | 744472 | 59910 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 22021 | 22021 | 22021 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 5931097 | 5931097 | 5931097 | 0 |
| ആകെ | 51229 | 6706271 | 6757500 | 6697590 | 59910 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25920 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 5395500 | 474 |
| വിധവാപെൻഷൻ | 14291700 | 1206 |
| വാർദ്ധക്യകാലപെൻഷൻ | 24211600 | 1861 |
| വികലാംഗ പെൻഷൻ | 2824900 | 232 |
| 50 വയസ്സിനുമേലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1557300 | 129 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 360000 | 12 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-04-2019 തീയതിയിൽ 3.00 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 15,578/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2)ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

3)അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.

4)വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപാരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു. പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ / പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രത്യകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതികൾ

ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു. പദ്ധതി രൂപീകരണ ഘട്ടം കഴിഞ്ഞ് നിർവ്വഹണം ആരംഭിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ തുടർച്ചയായി മോണിറ്ററിംഗിന് വിധേയമാക്കണം. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-02-2019 | 2019 ജനുവരി | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14/10/2011 | 2008/09മുതൽ 2010/11 വരെ | 28/03/2012 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക ധനകാര്യ പത്രിക പ്രകാരം ₹6,41,13,758/- രൂപയുടെ സ്ഥിര ആസ്തിയുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കാത്തതു മൂലം പ്രസ്തുത തുകയുമായി പൊരുത്തപ്പെടുന്നില്ല.
2. ബാലൻസ്ഷീറ്റിലെ ക്ലോസിങ്ങ് സ്റ്റോക്ക് - സ്റ്റോഴ്സ് എന്ന ഹെഡിൽ ₹1,80,634/- രൂപ കാണുന്നു. എന്നാൽ ആധികാരികമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. തൊഴിൽ നികുതിയിനത്തിൽ ₹19,220/- രൂപ (ഷെഡ്യൂൾ 1-18) പ്രയർ പിരീഡ് ഐറ്റംസായി ചേർത്തിട്ടുണ്ട്. എന്നാൽ അനുബന്ധ കമ്മിറ്റി തീരുമാനം കാണുന്നില്ല.
4. (1) എസ്.ബി.ടി., ചാലക്കുടിയിലെ 4 ചെക്കുകളിലായി മൊത്തം തുക ₹16,357/- രൂപ ലൈബിലിറ്റി ഇൻ റെസ്പെക്ട് ഓഫ് സ്റ്റെയിൽഡ് ചെക്കിനത്തിലേക്ക് മാറ്റിയിട്ടില്ല.

   (2) എസ്.സി.ബി., മേലൂർ ബാങ്കിലെ 3 ചെക്കുകളിലായി മൊത്തം തുക ₹71,337/-

   രൂപ ലയബിലിറ്റി ഇൻ റെസ്പെക്ട് ഓഫ് സ്റ്റെയിൽഡ് ചെക്കിനത്തിലേക്ക് മാറ്റിയിട്ടില്ല.
5. സാംഖ്യ പ്രകാരം വസ്തുനികുതിയുടെ തൻവർഷത്തെ ഡിമാന്റ് തുക ₹51,41,951/- രൂപയാണ്. കളക്ഷൻ ₹48,34,474/- രൂപയാണ്. ബാലൻസ് തുക ₹1,03,723/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.
6. സാംഖ്യ, സഞ്ചയ സോഫ്റ്റ് വെയറുകളിലെ വസ്തു നികുതി കുടിശ്ശികകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സാംഖ്യ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | നീക്കിബാക്കി |
|---|---|---|---|---|
| റെസിഡൻഷ്യൽ (തൻവർഷം) | 25,10,854/- | 23,30,440/- | - | 60,974/- |
| നോൺ റെസിഡൻഷ്യൽ (തൻവർഷം) | 26,31,097/- | 25,04,034/- | - | 42,749/- |

സാംഖ്യ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ബാലൻസ് |
|---|---|---|---|---|
| റെസിഡൻഷ്യൽ (കുടിശ്ശിക) | 35,07,182/- | 15,07,483/- | - | 59,207/- |
| നോൺ റെസിഡൻഷ്യൽ (കുടിശ്ശിക) | - | 14,19,827/- | - | 1,05,914/- |

സഞ്ചയ പ്രകാരം (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ബാലൻസ് |
|---|---|---|---|---|
| റസിഡൻഷ്യൽ (തൻവർഷം) | 25,10,854/- | 23,33,140/- | 1,31,073/- | 57,992/- |
| നോൺ-റസിഡൻഷ്യൽ (തൻവർഷം) | 26,31,097/- | 14,19,827/- | 90,859/- | 40,695/- |

സഞ്ചയ പ്രകാരം (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ബാലൻസ് |
|---|---|---|---|---|
| റെസിഡൻഷ്യൽ (കുടിശ്ശിക) | 15,41,898/- | 15,12,453/- | - | 56,246/- |
| നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക) | 15,19,003/- | 14,19,827/- | - | 1,00,829/- |

7. 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികകളിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) ചേർത്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 2(എഫ്.1)).

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഷോപ്പിംഗ് കോംപ്ലക്സ് വാടക-തൻവർഷവരുമാനത്തിൽ കുറവ്:വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ രണ്ട് നിലകളിലായി 14 റൂമുകൾ ഉണ്ട്. ആയവ വാടകയ്ക്ക് നൽകിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.2016-17 വർഷത്തിൽ വാടകയിനത്തിൽ 5,49,052 രൂപ വരവുണ്ട്.എന്നാൽ 2017-18 വർഷത്തിൽ ആയത് 4,34,703 രൂപയായി കുറഞ്ഞു.

2.നിലവിൽ 5 മുറികൾ വാടകയ്ക്കു നൽകിയിട്ടില്ല.

3.വാടക കുടിശ്ശികയിനത്തിൽ 2,86,152/- രൂപയും തൻവർഷം 233762/- രൂപയും പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, ഒഴിഞ്ഞു കിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 സഞ്ചയ-രണ്ടു ഗണത്തിൽ ഒരേ കെട്ടിട വിവരം

സഞ്ചയയിൽ Micro & Small Medium Enterprises എന്ന ഗണത്തിലും ആയുർവ്വേദ സുഖ ചികിത്സ കേന്ദ്രങ്ങൾ എന്ന ഗണത്തിലും താഴെ പറയുന്ന കെട്ടിടങ്ങൾ ഉൾപ്പെട്ടു കാണുന്നു.

| ക്രമ നം | കെട്ടിട നം | പേര് |
|---|---|---|
| 1 | 1/334 | പോളച്ചൻ നെട്ടിക്കാടൻ |
| 2 | 1/458/A | ജോസ് വർക്കി നഴിയമ്പാറ |
| 3 | 2/126 | ജോയ് തൊമ്മൻ വടക്കുട്ട് ഊക്കൻ |
| 4 | 3/16 | ഷൺമാധരൻ കീഴാറ |
| 5 | 4/128/B | ബാബു ചെറ്റാക്കൽ |
| 6 | 9/150/A | ചാക്കുണ്ണി വട്ടോളി |
| 7 | 11/138/ | വറീത് വർഗ്ഗീസ് പറപ്പൂക്കാരൻ |
| 8 | 11/490/ | ബെൻസി തോമസ് നെല്ലിക്കുളം |
| 9 | 12/353/ | തോമസ് ആറമ്പിള്ളി |
| 10 | 12/362/ | ജോബി പുല്ലേലി |
| 11 | 12/407/ | ഗ്രേസി പോളച്ചൻ പുല്ലേലി |
| 12 | 13/350/A | ജോസ് പൈലി ആറമ്പിള്ളി |
| 13 | 13/382/A | ജോബി തോമസ് ആറമ്പിള്ളി |
| 14 | 14/182/ | ആഗ്നെസ്സ് പുത്തൻപറമ്പിൽ |
| 15 | 14/183/ | ആഗ്നെസ്സ് പുത്തൻപറമ്പിൽ |
| 16 | 14/186/ | ലക്ഷ്മിയമ്മ തേറപ്പിള്ളി |

ഈ കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തുകയും ഗണം കൃത്യമല്ലെങ്കിൽ ആയതു പ്രകാരം

വസ്തുനികുതി പരിഷ്കരിക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 ഡി ആന്റ് ഓ-അപാകതകൾ

2017-18 വർഷത്തേക്കുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ക്വാളിറ്റി മിക്സ് ഇൻഡ്യ (പ്രൈ) ലിമി., ഡി&ഒ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ 1000 HP മെഷിനറിയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിന്യൂവൽ സർട്ടിഫിക്കറ്റ് പ്രകാരം മെഷീൻ കപ്പാസിറ്റി 1152.25 HP യാണെന്നാണ് കാണിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക III പ്രകാരം 200 കുതിരശക്തി വരെയുള്ള യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്നതിന് ചുമത്താവുന്ന പരമാവധി ഫീസ് 2000/-രൂപയും, തുടർന്നുള്ള ഓരോ കുതിരശക്തിക്കും 10രൂപ വീതവുമാണ്. അതനുസരിച്ച് ടി സ്ഥാപനത്തിൽ നിന്നും 11523രൂപ ഈടാക്കാവുന്നതാണ്. എന്നാൽ സ്ഥാപനത്തിൽ നിന്നും 1000HPക്ക് ബാധകമായ ഫീസ് ആയ 10000/-രൂപയാണ് ഈടാക്കിയിരിക്കുന്നത്. മേൽ സ്ഥാപനത്തിൽ സ്ഥാപിച്ചിരിക്കുന്ന യന്ത്രസാമഗ്രിയുടെ കാലാവധി എത്രയാണെന്ന് ഉറപ്പുവരുത്തേണ്ടതും അതനുസരിച്ച് പരമാവധി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. പോൾസൺ ഡിസ്റ്റിലറീസ്, സാബ് മില്ലർ ഇന്ത്യ(പ്രൈ.)ലിമി. എന്നീ സ്ഥാപനങ്ങൾ 2017-18 വർഷത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും ഡി&ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.

3. അശോകൻ എം.വി. s/o വേലായുധൻ, മണക്കാട്ടുപടി വീട്, കുന്നപ്പിള്ളി എന്നിവർക്ക് കരിങ്കൽ ഖനനത്തിനായി അനുവദിച്ച ഡി&ഒ ലൈസൻസ് അപേക്ഷയോടൊപ്പം മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുവദിച്ച അനുമതി പത്രം, ബ്ലാസ്റ്റേഴ്സ് സർട്ടിഫിക്കറ്റ് എന്നിവ ഉള്ളതായി കാണുന്നില്ല.

4. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, കള്ളുഷാപ്പുകൾ എന്നിവ ഡി&ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം.34/06.05.19) മറുപടി ലഭ്യമാക്കിയില്ല.

## 2-4 ക്രിമിറ്റോറിയം നടത്തിപ്പ് -അപാകതകൾ

1998ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ, ചട്ടം 12 പ്രകാരം ഗ്രാമ പഞ്ചായത്തിലെ ക്രിമിറ്റോറിയത്തിന് ബൈലോ ഏർപ്പെടുത്തേണ്ടതാണ്. നിലവിൽ 2015 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനങ്ങൾ 2.02.13ലെ III (1), (2), (3), 7.02.15ലെ I(11) തീരുമാനങ്ങൾ പ്രകാരം ആണ് caretaker നെ നിയമിച്ചതും ക്രിമിറ്റോറിയം നടത്തികൊണ്ടു വരുന്നതും. ചട്ടം (9)ലെ ഫോറം 3പ്രകാരമുള്ള അനുബന്ധ രജിസ്റ്റർ ജനുവരി 2018 വരെ കൃത്യമായി പരിപാലിച്ചിട്ടില്ല. മരിച്ച വ്യക്തിയുടെ മരണ വിവരം, അഡ്രസ്സ്, മരണം സാക്ഷ്യപ്പെടുത്തിയ വിവരം, മൃതദേഹം കൊണ്ടു വന്ന വ്യക്തിയുടെ അഡ്രസ്സ് എന്നിവ അനുബന്ധം 3 പ്രകാരം രേഖപ്പെടുത്തുവാനുണ്ടെങ്കിലും ആയവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.ബൈലോ തയ്യാറാക്കേണ്ടതും അനുബന്ധ രജിസ്റ്ററുകൾ പരിപാലിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം 15/02.05.19)

## 2-5 വിനോദനികുതി-സിനിമ ടിക്കറ്റ് വിറ്റതിൽ 2016-17,2017-18 വർഷ സെസ്സ് തുക 159360/-രൂപ KSCWF ലേക്ക് അടവാക്കിയിട്ടില്ല

അഗസ്ത്യ സിനിമ തിയ്യറ്റർ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സിനിമ ടിക്കറ്റ് വിറ്റതിൽ സെസ്സ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് മേലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഗസ്ത്യ സിനിമ തിയ്യറ്റർ ഉടമയ്ക്ക് അയച്ച കത്തിടപാടുകൾ പരിശോധിച്ചതിൽ നിന്നും ഇൻവേർഡ് നം A4/5254/12.10.17 പ്രകാരം അഗസ്ത്യമാനേജർ സെക്രട്ടറിക്ക നൽകിയ കത്തിൽ 6.7.16 മുതൽ 31.3.2017 വരെ 44157 ടിക്കറ്റുകൾ വിതരണം ചെയ്തു എന്ന് മറുപടി നൽകിയിട്ടുണ്ട് (തൻ വർഷം 1.04.17 മുതൽ 30.06.17 വരെയായി) 8963 ടിക്കറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. ആയതിനാൽ സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക 159360/-രൂപ ((44157+8963)x3) പഞ്ചായത്തിലോ, ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലോ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി ( 22/03.05.19)ൽ നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 2-6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ അപാകതകൾ

ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2017-18 വർഷത്തെ കെട്ടിടങ്ങളുടെ പെർമിറ്റ് രജിസ്റ്റർ, കെട്ടിടങ്ങളുടെ ഫയലുകൾ, പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ എന്നിവയുടെ, സാംഖ്യ ഹെഡ് വൈസ് റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്

പെർമ്മിറ്റ് രജിസ്റ്ററിൽ ക്രമവൽക്കരണ വിവരം, ബിൽഡിംഗ് ഏരിയ വിവരം, റഗുലറൈസ് ചെയ്ത ഏരിയ വിവരം, കെട്ടിട നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല

ഉദാഹരണമായി ക്രമനം 20,24,17,18,27,38,41,48,47(1),49,56 എന്നിവ പ്രകാരം കെട്ടിടത്തിന്റെ പെർമിറ്റ്/റെഗുലേഷൻ സംബന്ധിച്ച ഒരു വിവരവും പൂർത്തീകരിച്ചിട്ടില്ല

രജിസ്റ്ററിൽ അപേക്ഷ പ്രകാരമുള്ള എല്ലാ വിവരങ്ങളും, നിലവിലെ സ്ഥിതിയും രേഖപ്പടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 2-7 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച്

.

1.വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 205(സി) സെക്ഷൻ പ്രകാരം സെക്രട്ടറിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭിച്ച ലിസ്റ്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും, കമ്പനികളുടെയും, തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതു പ്രകാരം 58 സ്ഥാപനങ്ങളാണ് തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിച്ച് നികുതി അടവാക്കുന്നത്. വ്യാപാരികളെ സംബന്ധിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 436 സ്ഥാപനങ്ങളും, ഡി&ഒ രജിസ്റ്റർ പ്രകാരം435 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതായി കാണുന്നു. ലൈസൻസ് പുതുക്കുന്ന മുറയ്ക്ക് സ്ഥപനഉടമയിൽ നിന്നും അദ്ദേഹത്തിന് ബാധകമായ നികുതി ഈടാക്കി വരികയാണ് ചെയ്തു വരുന്നത്.

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളോടും സ്ഥാപനത്തിലെ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് നോട്ടീസ് നൽകിയതായി കാണുന്നില്ല.

ഉദാഹരണമായി SKS എന്ന സ്ഥാപനം ഡി&ഒ ലൈസൻസിനു സമർപ്പിച്ച അപേക്ഷയിൽ സ്ഥാപനത്തിൽ 6 ജീവനക്കാർ തൊഴിൽ ചെയ്യുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ സ്ഥാപന ഉടമയിൽ നിന്നും ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് അയയ്ക്കുകയോ, തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ഡി&ഒ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളിൽ നിന്നും ജീവനക്കാരുടെ ലിസ്ററ് ശേഖരിച്ച് തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാർക്കും ഡിമാന്റ് നോട്ടീസ് നൽകേണ്ടതും, തൊഴിൽ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. താഴെ പറയുന്ന സ്ഥാപനങ്ങൾ 2017-18 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1. BSNL, മേലൂർ

2. ക്വാളിറ്റി മിക്സ്

3. SBI മേലൂർ

4. ചെറുക്കാത്തറ കൺസ്ട്രക്ഷൻ പ്രൈ.ലിമി.

5. സോന പോളിമേഴ്സ്

6. എഞ്ചിനീയറിംഗ് കംപോണന്റ്സ്, മുരിങ്ങൂർ

3.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ, അഭിഭാഷകർ മുതലായ പ്രൊഫഷണലുകൾ, മരാമത്ത് പ്രവൃത്തികൾ ചെയ്യുന്ന കരാറുകാർ മുതലായവരിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.34/06.05.19)

## **2-8** വിമുക്ത ഭടന്മാരുടെ വസ്തു നികുതിയിളവ്-അപാകതകൾ

വിമുക്ത ഭടൻമ്മാർക്ക് വസ്തുനികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് വിമുക്ത ഭടന്മാരുടെ വസ്തു നികുതി ഇളവിനുള്ള അപേക്ഷ സംബന്ധിച്ച ഫയൽ, സഞ്ചയയിൽ നിന്നുള്ള 2017-18 ലെ വസ്തുനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1) വാർഡ് ക്ലർക്ക് പരിശോധന റിപ്പോർട്ട് കൃത്യമായി സൂക്ഷിക്കുന്നില്ല. രജിസ്റ്റർപ്രകാരം കെട്ടിടങ്ങളുടെ നികുതി രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ പരിശോധന നടത്തുകയോ പരിശോധനകുറിപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല.

3)അപേക്ഷകൾ പരിശോധിച്ചതിൽ പെൻഷൻബുക്ക്/ഡിസ്ചാർജ്ജ് ബുക്കിൽ തദ്ദേശ സ്വയം ഭരണമേധാവികൾ വസ്തുനികുതി ഇളവ് അനുവദിച്ചു കൊണ്ട് ഉത്തരവ് നം/തീയ്യതി എന്നിവ രേഖപ്പെടുത്തി സ്ഥാപനമുദ്ര എന്നിവ പതിപ്പിച്ചു നൽകിയതായി കാണുന്നില്ല.

4)പരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ അപേക്ഷകരുടെയും കെട്ടിട ഏരിയ വിവരം രേഖപ്പെടുത്തേണ്ടതാണ്. അധിക ഏരിയക്ക് നികുതി കണക്കാക്കേണ്ടതാണ്. അപേക്ഷകരുടെ സത്യവാങ്ങ് മൂലം, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ, കമ്മറ്റിഅംഗീകാരം ലഭ്യമാക്കൽ എന്നിങ്ങനെ ഓരോ ഫയലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം പാലിക്കപ്പെട്ടിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (16/2.05.19)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ വിഷയങ്ങളിൽ സ. ഉ (കൈ) നം.106/17 ത.സ്വ.ഭ.വ തീ.26.5.17 പ്രകാരമുള്ള നടപടികൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-9 പൊളിച്ചുമാറ്റിയ കെട്ടിടഗണത്തിൽ 646 കെട്ടിടങ്ങളുടെ വസ്തുനികുതിഒഴിവാക്കി നല്കൽ-ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകാരമില്ല.മറ്റു അപാകതകൾ

പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് വസ്തുനികുതിഒഴിവാക്കി നൽകുന്നതുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്നുള്ള 2017-18ലെ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള (3.6,3.7,3.11,3.12,3.13)/15.3.17,(3.3-3.22)/2.6.17,(4.1-4.3) /6.11.17,2.1,2.2,2.3,2.4,2.6)/22.11.17,(4.3,4.5-4.12)/11.12.17 (3.1,3.2)/8.1.18,(3.1-3.4). /2.2.18,(5.4,5.5)/5.3.18എന്നീ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് തീരുമാനങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

1)ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ 173 കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയതിനാണ് സാധൂകരണം ലഭ്യമാക്കിയിട്ടുള്ളത്. ആയതിൽ 67 കെട്ടിടങ്ങൾ NH നോടു ചേർന്ന കെട്ടിടങ്ങളാണെന്ന സ്റ്റാൻഡിംഗ് കമ്മറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപേക്ഷ ഫയൽ, അപേക്ഷകൾ പരിശോധിച്ചു പരിശോധന റിപ്പോർട്ട്/ഫീൽഡ് പരിശോധന റിപ്പോർട്ട് തയ്യാറാക്കിയത്, ആയത് മേലധികാരികൾ സാക്ഷ്യപ്പെടുത്തിയത് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

2)ഈ 173 കെട്ടിടങ്ങൾ കൂടാതെ 17 വാർഡുകളിലായി 646 കെട്ടിടങ്ങൾ ഫീൽഡ് പരിശോധന റിപ്പോർട്ടില്ലാതെ, സ്റ്റാന്റിംഗ് കമ്മറ്റി സാധൂകരണമില്ലാതെ, 2017-18 ൽ സഞ്ചയയിൽ പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ട്. ഇപ്രകാരം വസ്തുനികുതിയിൽ വന്ന കുറവ് എത്രയെന്നതിനുള്ള ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.19/02.05.19) കെട്ടിടം പൊളിച്ചുമാറ്റിയതു സംബന്ധിച്ചുള്ള പരിശോധന റിപ്പോർട്ട് തയ്യാറാക്കേണ്ടതും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ സഹിതം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽവെച്ച് അംഗീകാരം

വാങ്ങേണ്ടതുമാണ്.

## 2-10 സഞ്ചയ- കെട്ടിടങ്ങളുടെ പ്യൂരിഫിക്കേഷൻ അവലോകനം

വസ്തുനികുതി തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ വൌച്ചർ മുഖേന തുകകൾ എഴുതി തള്ളുകയും, വരുമാനമായി ക്രമീകരിക്കുകയും തിരുത്തൽ എൻട്രികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

“110100101/110100103-Property tax on residential/non residential buiding” എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു.

വസ്തുനികുതിയിനത്തിൽ 2017-18 വർഷത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് പിരിവു സാധ്യത സംശയമുള്ളവ, സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ഡിമാന്റ് സസ്പെക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളുടെയും പ്രയർപിരീഡ് ഇനത്തിൽ അഡ്ജസ്റ്റ്മെന്റ് ചെയ്ത് ഒഴിവാക്കിയ 5,17,226/-രൂപയുടെയും (ശീർഷകം I18-280100101) 67,349/-രൂപയുടെയും (ശീർഷകം I18-280100104) ആധികാരകത പരിശോധിച്ച ബോദ്ധ്യപ്പെടുന്നതിനുതകുന്ന രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്കായി ലഭിക്കുകയുണ്ടായില്ല. ഇതുവരെ 3612 കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയതിൽ 269 കെട്ടിടങ്ങളെയാണ് 2017-18 ൽ ഒഴിവാക്കിയിട്ടുള്ളത്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വരവിന്റെ ആധികാരികത പരിശോധിച്ച ബോദ്ധ്യപ്പെടുന്നതിനായില്ല. വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

സഞ്ചയ കളക്ഷൻ പ്രോഗസ്സ് റിപ്പോർട്ട് പ്രകാരം അരിയർ ഇനത്തിൽ 171389 രൂപയും കറന്റ് ഇനത്തിൽ 115170 രൂപയും പിരിഞ്ഞു കിട്ടാനുണ്ട്.
സഞ്ചയ വസ്തുനികുതി ഡാറ്റ പ്യൂരിഫിക്കേഷൻ റിപ്പോർട്ട് 2018-19 അനുസരിച്ച് മുഴുവൻകെട്ടിടങ്ങളുടെയും പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി നികുതിയിൽ 47246/-രൂപ കുടിശ്ശിക വന്നിട്ടുണ്ട്. 2018-19 കളക്ഷൻ പ്രോഗസ്സ് റിപ്പോർട്ട് പ്രകാരം 3,6,15 എന്നീ വാർഡുകളിലാണ് കുടിശ്ശിക കൂടുതൽ വന്നിട്ടുള്ളത് (4502/-,24870/-,17874/-). റിപ്പോർട്ട് പ്രകാരം 1,4,5,7,8,9,10,11,12,14,16,17എന്നീ വാർഡുകളിൽ നിന്ന് 2018-19 ൽ വസ്തു നികുതി കുടിശ്ശികയടക്കം പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്.

## 2-11 2016-17 വർഷ ഓഡിറ്റിനു ശേഷം വാർഷിക ധനകാര്യ പത്രിക ഭേദഗതി ചെയ്തു.തൊഴിൽനികുതി 19220 രൂപ എഴുതി തള്ളി.

2016-17 വർഷ ഓഡിറ്റിനു ശേഷം 2016-17 വാർഷിക ധനകാര്യ പത്രികയിൽ 431190101 ബാലൻസ് ഷീറ്റ് ഹെഡ് പ്രകാരം തൊഴിൽ നികുതി 38820 രൂപ കൂടുതൽ ചേർക്കുകയും 2017-2018 വാർഷിക ധനകാര്യ പത്രികയിൽ 19220 രൂപ പ്രയർ പിരിഡ് ഇനത്തിൽ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതിനാൽ ട്രേഡേഴ്സ് തൊഴിൽ നികുതി ലഭ്യമല്ലാത്തതിനാൽ ആണെന്നാണ് അക്കൗണ്ടന്റ് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചത്. എന്നാൽ 2016-17 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, ഓഡിറ്റ് ചെയ്ത 2016-17 വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം ബാലൻസ് തുക കൃത്യമാണെന്നിരിക്കെ 2016-17 ഓഡിറ്റിനു ശേഷം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം ഡെപ്യൂട്ടി ഡയറക്ടറുടെ അറിവില്ലാതെ വാർഷിക ധനകാര്യ പത്രിക ഭേദഗതി ചെയ്തതത് ഉചിത നടപടിയല്ല. മാത്രമല്ല പഞ്ചായത്തിൽ നിന്ന് ഈ അപാകത സംബന്ധിച്ച് 29.06.18ൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കിയ മറുപടിയിൽ കറന്റ് തുക കണക്ക് കൂട്ടിയതിൽ വന്ന പിഴവ് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച് വ്യക്തമാക്കാനോ പൊളിച്ചുമാറ്റിയ ട്രേഡിംഗ് സ്ഥാപനത്തിന്റെ ഉടമയുടെ തൊഴിൽ നികുതി ഡിമാന്റ് എത്രയായിരുന്നു എന്നു വ്യക്തമാക്കാനോ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. മറുപടി തൃപ്തികരമല്ല. ടി വിഷയത്തിൽ പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 3/27.04.19)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുച്ചക്രവാഹനം നൽകൽ - ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രൊജക്ട് നം. SO71/17-18

പ്രൊജക്ടിന്റെ പേര് ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്രവാഹനം

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

അടങ്കൽ 12,00,000/- രൂപ

ചെലവ് 12,00,000/- രൂപ

മേൽ പദ്ധതി പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്ന 16 ഗുണഭോക്താക്കൾക്ക് 75,000/- രൂപ വിലവരുന്ന മുച്ചക്രവാഹനം കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട് (ബിൽ നം. MKTG/TRD/0134/17-18 തീയതി 21.03.18 തുക 12,00,000/- രൂപ). എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടി പദ്ധതി നടപ്പാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖ സ.ഉ (M.S) 80/17 LSGD – Dt.03.04.17 പ്രകാരം ആവശ്യമായ താഴെ പറയുന്ന രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല എന്ന് കാണുന്നു.

a) ഗുണഭോക്താക്കൾ വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്നുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ്.

b) ഗുണഭോക്താക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയാണെന്നുള്ള സാക്ഷ്യപത്രം

c) മുമ്പ് ഈ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം
d) വാഹനം സ്വന്തം പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖ
e) വാഹനം വിതരണം ചെയ്ത് കെൽട്രോൺ എന്ന സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ
മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുക 1200000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.29/03.05.19)

## 3-2 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല.

പ്രൊജക്ട് നം. SO16/18
പ്രൊജക്ടിന്റെ പേര് ഹോമിയോ മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
അടങ്കൽ 2,00,000/- രൂപ
ചെലവ് 2,00,000/- രൂപ, ട്രഷറി ബിൽ നം.6/17-18

മേൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്ന് 2,00,000/- രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട് (ബിൽ നം.PI-508 തീയതി 30.08.17 റസീറ്റ് നം. 4347 തീയതി 02.02.18). ട്രഷറി ബിൽ നം.6/17-18 എന്നാൽ 14.08.18 ന് ഉണ്ടായ വെള്ളപ്പൊക്കത്തിൽ KRS പാഴ്സൽ സർവ്വീസ് ചാലക്കുടി എന്ന സ്ഥാപനത്തിൽ നിന്ന് 58,535/- രൂപയുടെ മരുന്നുകൾ ഉപയോഗിക്കാനാവാത്ത വിധം നശിച്ചുപോയിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടെത്തി. മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി (ഹോമിയോ) മേലൂർ 12.11.18 തീയതി KSHCPLന് ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട്. ആവശ്യക്കാർക്ക് മരുന്ന് നൽകാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടായിട്ടുണ്ടോയെന്ന വിവരത്തിന് നൽകിയ അന്വേഷണത്തിന് നമ്പർ 8, 27.04.19 ലഭ്യമാക്കിയ മറുപടി പ്രകാരം ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടായിരുന്നതിനാൽ ക്ഷാമം നേരിട്ടില്ലായെന്നും ടി കാര്യത്തിന് 30.04.19 തീയതി ഹോംകോയെ ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്ന് ഉടൻ ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 നിർമ്മാണം തുടങ്ങാത്ത ലബോറട്ടറിയിലേക്ക് ഉപകരണങ്ങൾ വാങ്ങി

പ്രൊജക്ട് നം. SO84/17-18
പ്രൊജക്ടിന്റെ പേര് പി.എച്ച്.സി യിൽ ലബോറട്ടറി സൗകര്യം ഒരുക്കൽ.
നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
അടങ്കൽ 2,00,000/- രൂപ
ചെലവ് 2,00,000/- രൂപ, ട്രഷറി ബിൽ നം.16-17/18

പി.എച്ച്.സി യിൽ ലബോറട്ടറി സൗകര്യം ഒരുക്കുന്ന പദ്ധതിയുടെ ഭാഗമായി സെൻട്രൽ സർജിക്കൽസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് ബിൽ നം, CSG/359/17-18 തീയതി 23.02.18 ട്രഷറി ബിൽ നം.16-17/18 പ്രകാരം 2,00,000/- രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ടി ലബോറട്ടറി നാളിതുവരെയായി പ്രവർത്തനം തുടങ്ങിയിട്ടില്ലെന്ന് അന്വേഷണത്തിൽ മനസ്സിലായി. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നമ്പർ.9, 27.04.19 ലഭ്യമാക്കിയ മറുപടി പ്രകാരം പി.എച്ച്.സി യിൽ നിലവിൽ ലബോറട്ടറി പ്രവർത്തനം തുടങ്ങിയിട്ടില്ലായെന്നും പി.എച്ച്.സി യെ സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തന്നെ തുടങ്ങുമെന്നാണ്

അറിയിച്ചിരിക്കുന്നത്. ലബോറട്ടറി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം തുടങ്ങുന്നതിന് കാലതാമസം വരുകയും വാങ്ങി സൂക്ഷിച്ചിരിക്കുന്ന ഉപകരണങ്ങളുടെ വാറണ്ടി കാലാവധി കഴിയുന്നതിനുമുള്ള സാഹചര്യം നിലവിലുണ്ട്. ലാബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പെ ഉപകരണങ്ങൾ വാങ്ങി സൂക്ഷിച്ചത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ അനാവശ്യമായ തിടുക്കം കാണിച്ചതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-4 പഞ്ചായത്ത് വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-45A-1804 ബൊലേറോ ജീപ്പ് 31.03.18 തീയതി 249842 കിലോമീറ്റർ (ലോഗ്ബുക്ക് പ്രകാരം) ഉപയോഗിച്ചതായി കാണുന്നു. വാഹനത്തിന്റെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ അറ്റകുറ്റപണികൾ നടത്തിയതിന്റെ ചെലവ് 1,98,496/- രൂപയും, വാഹനത്തിന്റെ ഇൻഷൂറൻസ് സർട്ടിഫിക്കറ്റ് (യുണൈറ്റഡ് ഇന്ത്യാ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ്) പ്രകാരം വാഹനത്തിന്റെ മതിപ്പുവില 1,25,000/-രൂപയുമാണ്. ടി സാഹചര്യത്തിൽ വാഹനം തുടർന്ന് ഉപയോഗിക്കുന്നത് ആദായകരമല്ലാത്തതിനാൽ വാഹനം കണ്ടം ചെയ്യുന്നതിനായുള്ള 10.05.1976 ലെ GO(MS)110/76/PW പ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർത്തീകരിച്ചു കാണുന്നതിനാലും വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. കൂടാതെ വാഹനത്തിന്റെ ലോഗ് പുസ്തകം പരിശോധിച്ചതിൽ വാഹനത്തിന്റെ ഇന്ധനക്ഷമതാ സാക്ഷ്യപത്രം ലോഗ്ബുക്കിൽ പതിച്ചു സൂക്ഷിക്കുന്നില്ലായെന്നും, ഇന്ധനം നിറയ്ക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലല്ലായെന്നും, വാഹനത്തിന്റെ ഉപയോഗത്തെക്കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ലായെന്നും കാണുന്നു. അപാകതകൾ പരിഹരിച്ച് ലോഗ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-5 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന പൂർത്തിയാക്കിയിട്ടില്ല

പഞ്ചായത്തിൽ നിലവിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 17,32,500/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള പൊതുടാപ്പുകളുടെ എണ്ണത്തെപ്പറ്റി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നമ്പർ 2, തി.26.04.19 ലഭ്യമാക്കിയ മറുപടി പ്രകാരം ആകെയുള്ള 17 വാർഡുകളിൽ 11 എണ്ണത്തിൽ 2019 ജനവരി മാസത്തിൽ സംയുക്ത പരിശോധന നടന്നിട്ടുള്ളതും ബാക്കി 6 വാർഡുകളിൽ പ്രസ്തുത നടപടി നടന്ന് വരുന്നതായും അറിയിച്ചിട്ടുണ്ട്. സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കേണ്ടതും സേവനം ലഭ്യമാകുന്ന ടാപ്പുകൾക്ക് മാത്രമാണ് കരമടക്കുന്നതെന്നുള്ള വിവരം ഉറപ്പാക്കേണ്ടതുമാണ്.

## 3-6 പെണ്ണാടുകളെ വളർത്തൽ പദ്ധതി - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പ്രൊജക്ട് നം. SO60/17-18

പ്രൊജക്ടിന്റെ പേര് - പെണ്ണാടുകളെ വളർത്തൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ - 1,60,000/-രൂപ

ചെലവ് - 1,60,000/- രൂപ

മേൽ പദ്ധതി പ്രകാരം 20 ഗുണഭോക്താക്കൾക്കായി തൃശ്ശൂർ ഗോട്ട് ഫാം എന്ന സ്ഥാപനത്തിൽ നിന്ന് "മലബാറി" എന്ന വിഭാഗത്തിൽപ്പെട്ട ആടുകളെ വാങ്ങി നൽകിയിട്ടുണ്ട് (ബിൽ നം.111-10/18, വൗച്ചർ നം. 79/18). പതിമൂന്നാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(എംഎസ്)80/17ത.സ്വ.ഭ.വ തീയതി 03.04.17 ഭേദഗതികൾ 04.11.17 ലെ സർക്കുലർ നം. DD3/2017 ത.സ്വ.ഭ.വ 01.07.17 പ്രകാരം തൃശ്ശൂർ ജില്ലയിൽ മേൽ പദ്ധതി പ്രകാരം വാങ്ങി വിതരണം ചെയ്യേണ്ടത് "അട്ടപ്പാടി ബ്ലാക്ക്" എന്ന ഇനത്തിൽപ്പെട്ട ആടുകളെയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ടി ആടുകളെ ലഭ്യമാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നാണറിയിച്ചിരിക്കുന്നത്. "അട്ടപ്പാടി ബ്ലാക്ക്" ഇനത്തിൽപ്പെട്ട ആടുകളുടെ ലഭ്യതയിൽ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെങ്കിൽ അക്കാര്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 തെരുവുവിളക്ക് അറ്റകുറ്റപ്പണി- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

പ്രൊജക്ട് നം.59/17-18 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്

വകയിരുത്തിയ തുക: 11,51,804/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക : 7,71,771/-

(ട്രഷറി ബിൽ നം.4/29.08.17 – 1,80,859/-

ട്രഷറി ബിൽ നം.7/25.10.17 – 70,924/-

ട്രഷറി ബിൽ നം.9/18.11.17 – 91,791/-

ട്രഷറി ബിൽ നം.25/29.01.18 – 1,47,519/-

ട്രഷറി ബിൽ നം.26/16.02.18 – 1,24,134/-

ട്രഷറി ബിൽ നം.35/14.03.18 – 1,00,000/-

ട്രഷറി ബിൽ നം.36/14.03.18 – 56,544/-)

തെരുവുവിളക്കുകൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിന് ഓരോ തെരുവുവിളക്കുകളും, ഒരു തവണ റിപ്പയർ നടത്തുന്നതിനുള്ള (മെറ്റീരിയൽ ഒഴികെ) നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ജസ്റ്റിൻ.വി.സി., വട്ടോളി, പരിയാരം എന്നയാളുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. വാർഡ് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണമനുസരിച്ച് തുക കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1.സ.ഉ (എം.എസ്) നം.13/15/ITD തീയതി 12.05.15 പ്രകാരം 5,00,000/- രൂപയിൽ കൂടുതൽ അടങ്കൽ തുകയുള്ള പദ്ധതികൾ ഇ-ടെൻഡർ നടത്തേണ്ടതാണ്. എന്നാൽ ഈ പദ്ധതിക്ക്

ഇ-ടെൻഡർ നടത്തിയിട്ടില്ല. 2016-17 വർഷത്തിൽ തെരുവുവിളക്കുകളുടെ മെയിന്റൻസിനായി 7,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തിൽ തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി പദ്ധതിയിൽ 4,98,000/- രൂപ വകയിരുത്തി അംഗീകാരം നേടുകയും പദ്ധതിക്കായി ടെൻഡർ ക്ഷണിക്കുകയും ചെയ്തു. പിന്നീട് അടങ്കൽ തുക വർദ്ധിപ്പിച്ച് 12,51,804/- രൂപയാക്കുകയും അതിൽ നിന്ന് 7,71,771/- രൂപ ചെലവഴിക്കുകയും ചെയ്തു. മുൻവർഷത്തെ ചെലവ് പരിഗണിക്കാതെ ആദ്യം പദ്ധതിക്ക് തുക വകയിരുത്തിയതിനാൽ ഇ-ടെൻഡർ ഒഴിവാകുകയും കൂടുതൽ മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ലഭിക്കുന്നതിനുള്ള അവസരം ഇല്ലാതാകുകയും ചെയ്തു.

2. 08/09/17 ന് ചേർന്ന പ്രൊക്യൂർമെന്റ് കമ്മറ്റി ശ്രീ.ജസ്റ്റിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും തുടർന്ന് PR No.12(1) തീയതി 26.09.17 ന് ആയത് പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തീയതി 15.09.11 ൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള നിബന്ധനകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കേണ്ടതും ടി കരാറിന്റെ അസ്സൽ സെക്രട്ടറിയുടെ സേഫ് കസ്റ്റഡിയിലും സാക്ഷ്യപ്പെടുത്തിയ പകർപ്പ് കരാറുകാരനും സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടിയാളുമായി കരാറിൽ ഏർപ്പെട്ടതായോ പദ്ധതി അടങ്കലിന് അനുസൃതമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതായോ കാണുന്നില്ല. ഇ.എം.ഡി.യിനത്തിൽ അടവാക്കിയ 12,450/- രൂപയുടെ രസീത് മാത്രമാണ് ഫയലിൽ ഉള്ളത്(രസീത് നമ്പർ.117070102239 തീയതി 02/09/17).

3. പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം. ജി2-44274/15 തീയതി 17.08.15 ൽ നിർദ്ദേശിച്ച പ്രകാരമുള്ള തെരുവു വിളക്ക് മെയിന്റൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ് , സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

4. തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 94,489/- രൂപയാണ് അടവാക്കുന്നത്. കെ.എസ്.ഇ.ബി ലഭ്യമാക്കിയ കണക്ക് പ്രകാരം പഞ്ചായത്തിൽ 272സാധാരണ ബൾബുകൾ ഉപയോഗിക്കുന്നുണ്ട്. ഇതിനായി പ്രതിമാസം 27,744/- രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിൽ അടവാക്കുന്നുണ്ട്. എന്നാൽ ഇത്തരം ബൾബുകൾ 2017-18ൽ വാങ്ങിയതായി കാണുന്നില്ല. ഇത്തരം ബൾബുകൾ തെരുവുവിളക്കുകളിൽ നിലവിൽ ഉപയോഗിക്കുന്നില്ല എന്നാണ് വ്യക്തമാകുന്നത്). തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന കെ.എസ്.ഇ.ബി.യുമായി ചേർന്ന് നടത്തേണ്ടതും തെരുവുവിളക്കുകളുടെ മീറ്ററിംഗ് എത്രയും വേഗം പൂർത്തീകരിക്കേണ്ടതുമാണ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (അന്വേഷണംനം.32/06.05.19) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 തെരുവുവിളക്കുകൾ വാങ്ങൽ- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

പ്രൊജക്ട് നമ്പർ - 159/18

പ്രൊജക്ടിന്റെ പേര് - സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ

ചെലവഴിച്ച തുക – 2,02,640/- (തനത് ഫണ്ട്)

(ബിൽ നം.280/31.03.18, ചെക്ക് നമ്പർ.8892483/31.03.18)

പദ്ധതിയിൽ ഉൾപ്പെടുത്തി 36/40 watt single tubeset with all accessories ന് ഇൻസ്റ്റലേഷൻ ചാർജ്ജ് അടക്കം ഒരെണ്ണത്തിന് 1490/- രൂപയ്ക്ക് 136 എണ്ണം എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും 2,02,640/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇവ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.യിൽ സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയ വിവരങ്ങളോ സ്ഥാപിച്ചതായുള്ള പൂർത്തീകരണ പത്രമോ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (അന്വേഷണംനം.32/06.05.19) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭിക്കുന്നത് വരെ പദ്ധതിക്കായി ചെലവഴിച്ച 2,02,640/- രൂപ തടസ്സപ്പെടുത്തുന്നു.

## **3-9** <u>തെരുവ് വിളക്ക് മെയിന്റനൻസിന് ആവശ്യമായ സാമഗ്രികൾ വാങ്ങൽ - അപാകതകൾ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

പ്രൊജക്ട്നം. 65/17-18 – തെരുവു വിളക്ക് മെയിന്റനൻസിന് ആവശ്യമായ സാമഗ്രികൾ വാങ്ങൽ

വകയിരുത്തിയ തുക: 5,66,210/-

ചെലവഴിച്ച തുക: 5,66,207/-

(ട്രഷറി ബിൽ നം.15/25.10.17 – 1,51,932/-

ട്രഷറി ബിൽ നം.18/18.11.17 – 53,317/-

ട്രഷറി ബിൽ നം.23/16.01.18 – 1,35,117/-

ട്രഷറി ബിൽ നം.31/26.02.18 – 93,553/-

ട്രഷറി ബിൽ നം.46/28.03.18 – 1,32,288/-)

മേൽ പദ്ധതിക്കായി 5,66,207/- രൂപ ചെലവഴിച്ച് തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിയിരിക്കുന്നു. പദ്ധതി നിർവ്വഹണത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. അടങ്കൽ തുക 5,00,000/- ന് മുകളിലുള്ള പദ്ധതിയായിട്ടും ഇ-ടെൻഡർ നടത്തിയിട്ടില്ല. അടങ്കൽ തുക 4,98,000/- ആയി പദ്ധതി രൂപീകരിച്ച ശേഷം അടങ്കൽ തുക ഉയർത്തുകയാണുണ്ടായത്.

2. ഇലക്ട്രോമെറ്റ് ട്രേഡിംഗ് കമ്പനി, കാജാ ഷോപ്പിംഗ് സെന്റർ , റെയിൽവേ സ്റ്റേഷൻ റോഡ്, ആലുവ എന്ന സ്ഥാപനത്തിൽ നിന്നാണ് മേൽ സാമഗ്രികൾ വാങ്ങിയിരിക്കുന്നത്. എന്നാൽ പ്രവൃത്തിക്കാവശ്യമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയതായി കാണുന്നില്ല. 12,500/- രൂപയുടെ ടേം ഡെപ്പോസിറ്റ് അഡ്വൈസിന്റെ പകർപ്പ് മാത്രമാണ് ഫയലിൽ ഉള്ളത്.

3. അറ്റകുറ്റപ്പണിക്കായി വാങ്ങിയ സാമഗ്രികൾ കൈപ്പറ്റിയതും അവ വിതരണം ചെയ്യുന്നതും കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.32/06.05.19) നൽകിയിരുന്നുവെങ്കിലും

മറുപടി ലഭ്യമായില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭിക്കുന്നത് വരെ ഈ പദ്ധതിക്കായി ചെലവഴിച്ച 5,66,207/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-10 തെരുവുവിളക്ക് സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ– അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ടിന്റെ പേര് : 2017-18 തെരുവ് വിളക്ക് സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ (72/18)

ചെലവഴിച്ച തുക – 32,60,418/- (വികസന ഫണ്ട് - 12.60,418 , ജില്ലാ പഞ്ചായത്ത് വിഹിതം

- 20,00,000/-)

(ട്രഷറി ബിൽ നം.47/17-18 തീയതി 28/03/18 – 12,60,418/- (മേലൂർ കെ.എസ്.ഇ.ബി A/c No. 67036147231)

ജില്ലാ പഞ്ചായത്ത് വിഹിതം-17,89,582/- (മേലൂർ കെ.എസ്.ഇ.ബി A/c No. 67036147231)

ജില്ലാ പഞ്ചായത്ത് വിഹിതം - 2,10,418/-(കൊരട്ടി കെ.എസ്.ഇ.ബി A/c No.57017142978)

2017-18 തെരുവ് വിളക്ക് സ്ട്രീറ്റ് ലൈനിന് വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ (പ്രൊജക്ട്നം.72/18) പദ്ധതിക്കായി കെ.എസ്.ഇ.ബി.മേലൂർ അസിസ്റ്റന്റ് എഞ്ചിനീയറുടെ 27.03.2018 ലെ ഡിമാന്റ് കം ഇൻറിമേഷൻ നോട്ടീസ് പ്രകാരം കെ.എസ്.ഇ.ബി. മേലൂരിന് 30,50,000/- രൂപയും കെ.എസ്.ഇ.ബി. കൊരട്ടി അസിസ്റ്റന്റ് എഞ്ചിനീയറുടെ 26.03.2018 ലെ DB No.2017-18/AE KTY/758 നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബി. കൊരട്ടിയിൽ 2,10,418/- രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 2017-18വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ (Go(ms)No72/17/തസ്വഭവ തിയതി.29.03.17) ഖണ്ഡിക 8.3(17) പ്രകാരം KWA, KSEB മുതലായ സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകണമെങ്കിൽ തദ്ദേശഭരണ സ്ഥാപനം പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മുൻകൂർ തുക കൈമാറുന്നതിന് മുൻപായി പഞ്ചായത്ത് കെ.എസ്.ഇ.ബി.യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കെ.എസ്.ഇ.ബി. കൊരട്ടിയിൽ ഡെപ്പോസിറ്റ് ചെയ്ത 2,10,418/- രൂപയുടെ കൈപ്പറ്റ് രസീത് ഫയലിൽ ഇല്ല.

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (അന്വേഷണംനം.32/06.05.19) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭിക്കുന്നത് വരെ പദ്ധതിക്കായി ചെലവഴിച്ച 32,60,418/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-11 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ - പൊതുവായ അപാകതകൾ

2017-18 വാർഷിക പദ്ധതിയിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം നടത്തേണ്ടത് ജി.ഒ.(പി)നം.259/2010/തസ്വഭവ തീയതി 08-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമാണ്. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ

സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.
ടി അപാകതകൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന ഓഡിറ്റ് അന്വേഷണം 32/17-18 Dtd.06.05.19 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഓപ്പൺടെണ്ടർ പരസ്യം വ്യാപക പ്രചാരമുള്ള ഒരു മലയാളം ദിനപത്രത്തിലും ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും നൽകേണ്ടതാണ്. ടെണ്ടർ ഫോറത്തിന്റെ വില്പന പരസ്യ തീയതി മുതൽ 21 ദിവസം വരെ നടത്തേണ്ടതാണ്. എന്നാൽ പരസ്യം ഒരു മലയാള ദിനപത്രത്തിൽ മാത്രമേ പ്രസിദ്ധീകരിക്കുന്നുള്ളൂ.

ഉദാ:- പ്രൊജക്ട് നം. 14/18 മേലൂർ ഗ്രാമപഞ്ചായത്തിലേക്ക് ഫോട്ടോകോപ്പിയറും കമ്പ്യൂട്ടറും പ്രൊജക്ടറും

2. വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങളുടെ വ്യക്തമായ സ്പെസിഫിക്കേഷനുകളും നിബന്ധനകളും വിശദമായ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരിക്കണം. അപ്രകാരം ചെയ്തു കാണുന്നില്ല.

ഉദാ:- പ്രൊജക്ട് നമ്പർ-58/18 വനിത സാംസ്കാരിക കേന്ദ്രത്തിലേക്ക് സൗണ്ട് സിസ്റ്റം, കസേര എന്നിവ വാങ്ങൽ

3. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം 10,00,000/- രൂപ വരെ മതിപ്പുവിലയുള്ള സാധനങ്ങളുടെ ടെണ്ടർ ഫോറം വില 200/- രൂപയാണ്. എന്നാൽ പല പദ്ധതികൾക്കും ടെണ്ടർ ഫോറം വില അതിലധികം ഈടാക്കി കാണുന്നു.

ഉദാ:- പ്രൊജക്ട് നം.14/18മേലൂർ ഗ്രാമപഞ്ചായത്തിലേക്ക് ഫോട്ടോകോപ്പിയറും കമ്പ്യൂട്ടറും പ്രൊജക്ടറും

4. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ തീയതി, സമയം, ടെണ്ടർ സമർപ്പിച്ചവരുടെ പ്രതിനിധികളുടെ ഒപ്പ് മുതലായവ രേഖപ്പെടുത്തേണ്ടതാണ്.

5. മിക്ക പദ്ധതികളിലും കരാറുകാരുമായി മുദ്രപത്രത്തിൽ കരാർ ഉടമ്പടി രേഖപ്പെടുത്തി ഒപ്പ് വെച്ചതായി കാണുന്നില്ല. ടെണ്ടർ അംഗീകരിച്ച തീരുമാനത്തിന്റെ പകർപ്പ് ഫയലിൽ ഇല്ല.

ഉദാ:- പ്രൊജക്ട് നമ്പർ -44/18 2017-18 കമ്പ്യൂട്ടർ എ.എം.സി എന്ന പദ്ധതിക്ക് Divine Shoppe, Chalakkudy എന്ന സ്ഥാപനത്തിന് കരാർ നൽകിയിട്ടുണ്ടെങ്കിലും കരാർ ഉടമ്പടി ചമച്ചതായോ, 50,000/- രൂപ അടങ്കലുള്ള പദ്ധതിക്ക് മതിയായ തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതായോ കാണുന്നില്ല. ഇ.എം.ഡി.യിനത്തിൽ 1250/- രൂപയുടെ രസീറ്റ് മാത്രമാണ് ഫയലിലുള്ളത്.

6. ജലനിലവാര പരിശോധനയും ജലസംരക്ഷണ പദ്ധതിയും (so111/18) എന്ന പദ്ധതിയുടെ നിർവ്വഹണം നടത്തിയത് SCMS School of Engineering and Technology എന്ന സ്ഥാപനമാണ്. ടി സ്ഥാപനത്തെ പദ്ധതി നടത്തിപ്പിന് തെരഞ്ഞെടുത്തത് എപ്രകാരമാണെന്ന് വ്യക്തമല്ല. മേൽ സ്ഥാപനവുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച കരാറിൽ ഏർപ്പെട്ടിട്ടില്ല.
(ഓഡിറ്റ് അന്വേഷണം നം.23/17-18 dtd.03.05.19)

ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## **3-12** ധന വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ലഭ്യമായില്ല

## - 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2017-18 വർഷം സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ വിവിധ സ്ഥാപനങ്ങൾക്കായി നല്കിയ താഴെ പറയുന്ന തുകകളുടെ വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമായില്ല.

| ക്രമ നം | പ്രോജക്റ്റ്നം/പേര് | തുക | വൌച്ചർ നം/ബിൽ നം | ആർക്ക് നല്കി |
|---|---|---|---|---|
| 1 | 152/18- ഐഎംഎ ബ്ലഡ് ബാങ്ക് വിഹിതം | 100000 | ട്രഷറി ചെക്ക് നം.8102405 തീയതി 08/02/2018 | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| 2 | 153/18- ഭിന്ന ശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | 50000 | ട്രഷറി ബിൽ നം.14 തീയതി 25.10.17 | “ |
| | ആകെ | 1,50,000 | | |

മേൽ തുകകളുടെ വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ 1,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 വായനശാലകളിലേക്ക് പുസ്തകങ്ങൾ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ടിന്റെ പേര് - മേലൂർ ഗ്രാമപഞ്ചായത്തിലെ വായനശാലകളിലേക്ക് പുസ്തകങ്ങൾ

വാങ്ങൽ (നം.158/18)

ചെലവഴിച്ച തുക -1,49,997/- (ട്രഷറി ബിൽ നം.40/17-18 തീയതി 23/03/18)

മേലൂർ ഗ്രാമപഞ്ചായത്തിലെ വായനശാലകളിലേക്ക് പുസ്തകങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ മുഖേന 1,49,992/- രൂപയുടെ പുസ്തകങ്ങൾ മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ സ.ഉ.(സാധാ)നം.3709/2017/തസ്വഭവ. തീയതി.18.11.2017 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുമ്പോൾ ആയത് ബുക്ക് മാർക്ക്, സാഹിത്യ പ്രവർത്തക സഹകരണ സംഘം എന്നിവ വഴി വാങ്ങാൻ നിർദ്ദേശം നൽകി ഉത്തരവായിരുന്നു. മേൽ ഉത്തരവ് പാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് അന്വേഷണം നം.32/06.05.19) മറുപടി ലഭ്യമാക്കിയില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-14 അസാധാരണചെലവുകൾ- ചട്ടങ്ങൾ പാലിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണചെലവുകൾ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം അസാധാരണചെലവുകൾക്കായി ഒരു ഗ്രാമപഞ്ചായത്തിന് ഒരു വർഷം ചെലവാക്കാവുന്ന മൊത്തം തുക, മുൻവർഷത്തെ അതിന്റെ മിച്ചഫണ്ടിന്റെ ഇരുപതുശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയുമാണ്. എന്നാൽ, അസാധാരണചെലവുകൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ (ചട്ടം 5) സൂക്ഷിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ അസാധാരണചെലവുകൾ പരിധി കവിയുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നില്ല. മാത്രമല്ല, പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു അസാധാരണചെലവും പഞ്ചായത്തിന്റെ മൊത്തം അംഗസംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിൻതാങ്ങിയിട്ടുള്ള പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് (ചട്ടം 4(2)) നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിന്റെ അസാധാരണചെലവുകൾ ചട്ടപ്രകാരമുള്ള പ്രമേയാവതരണത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്നതാണെന്നും അസാധാരണ ചെലവുകൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (13/02.05.2019) മറുപടി നൽകിയിട്ടുണ്ട്. അസാധാരണചെലവുകൾ നിർവ്വഹിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-15 മുൻകൂർ നൽകിയത് ക്രമീകരിച്ചില്ല

2017-18 വർഷത്തെ കേരളോത്സവം നടത്തുന്നതിന് പ്രൊജക്ട് നം. 50/18 പ്രകാരം തനത് ഫണ്ടിൽ നിന്നും 70,000/- രൂപ വകയിരുത്തിയിരുന്നു. ചെലവ് പത്രിക പ്രകാരം ഈ പദ്ധതിക്കായി തുക ചെലവഴിച്ചിട്ടില്ല. എന്നാൽ കേരളോത്സവം നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിക്ക് ബിൽനം.57/9-17 തീയതി 28/09/17, ബിൽ നം.62/10-17 തീയതി 13/10/17 ൽ യഥാക്രമം 20,000/- രൂപയും 30,000/- രൂപയും അഡ്വാൻസ് നൽകിയതായി അഡ്വാൻസ് രജിസ്റ്റർ പ്രകാരം കാണുന്നുണ്ട്. മേൽ തുകകൾ 2017-18 വർഷത്തിൽ അഡ്ജസ്റ്റ് ചെയ്തിട്ടില്ല. GO(P)No.419/2011/Fin Dtd.04.10.2011 പ്രകാരം അഡ്വാൻസ് കൈപ്പറ്റി മൂന്നു മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരം സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും 18% പലിശ സഹിതം തിരിച്ചു പിടിക്കേണ്ടതാണ്. അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (അന്വേഷണംനം.32/06.05.19) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭിക്കുന്നത് വരെ മുൻകൂർ നൽകിയ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 ലീഗൽ ചാർജ്ജസ്-ആദായ നികുതി കുറവ് ചെയ്തിട്ടില്ല

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2017-18 വർഷത്തിൽ അഡ്വ.പോൾസൺ.പി.വി.ക്ക് താഴെ പറയും പ്രകാരം ഫീസ് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നം./തീയതി | തുക | ചെക്ക് നമ്പർ / തീയതി |
|---|---|---|---|
| 1 | 33/10-17 തീയതി.07/10/2017 | 76,000/- | 65767, Dtd.4.10.17 |
| 2 | 64/2-18 തീയതി.27/02/2018 | 35,500/- | 65925/27-02-18 |

| | | | |
|---|---|---|---|
| | | 1,11,500/- | |

മേൽ തുകകളുടെ കൈപ്പറ്റ് രസീത് ഫയലിൽ ഇല്ല. 1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ് ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നം.4/27.04.19) മേൽ തുകയിൽ നിന്ന് ആദായ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും നിലവിൽ നൽകുന്ന ബില്ലുകളിൽ നിന്ന് ആദായ നികുതി ഈടാക്കിയാണ് തുക നൽകുന്നതെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച്

2017-18 വർഷത്തിൽ മേലൂർ ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ, മേലൂർ, വി.ഇ.ഒ കുന്നപ്പിള്ളി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. നിശ്ചിത മാതൃകയിൽ കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

ജി.ഒ(പി)നം.177/2006/ധന. തീയതി 12.04.16 ഉത്തരവിലെ ഖണ്ഡിക 18.3 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ടി.ആർ.7 എ മാതൃകയിലുള്ള കാഷ്ബുക്ക് സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

2. അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെ ധനസഹായം അനുവദിച്ചു.

2017-18 വീട് വാസയോഗ്യമാക്കൽ (54/17-18), 2017-18 വീട് വാസയോഗ്യമാക്കൽ എസ്.സി. (55/17-18) എന്നീ പദ്ധതികളിൽ മൂല്യനിർണ്ണയ സാക്ഷ്യപത്രം അനുവദിച്ചിരിക്കുന്നത് ഓവർസിയർ ആണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആയത് അനുവദിക്കേണ്ടത് അസി.എഞ്ചിനീയറാണ്.

3. ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുമ്പോൾ കരാർ നിബന്ധനകൾ കരാർ പത്രത്തിൽ ചേർത്തിട്ടില്ല.

4. വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള വരുമാന പരിധിയിലാണോ അപേക്ഷകർ എന്ന് ഉറപ്പ് വരുത്തുന്നതിന് റവന്യൂ അധികാരികൾ സാക്ഷ്യപ്പെടുത്തിയ വരുമാന സാക്ഷ്യപത്രമോ നിർവ്വഹണ ഉദ്യോഗസ്ഥർ സ്വയം അന്വേഷിച്ച് സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റോ ഉണ്ടായിരിക്കണം. എന്നാൽ മുൻഗണനാ റേഷൻ കാർഡുള്ള ഗുണഭോക്താക്കളുടെ അപേക്ഷകളിൽ വരുമാനം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല.

ടി അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ (അന്വേഷണം നം.14/02.05.19) ത്തിന് മറുപടി അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിലും നിലവിലുള്ള ഉത്തരവുകളിലും പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിക്കാതെ പദ്ധതി നടപ്പാക്കുന്നത് ഓഡിറ്റിൽ ഗൗരവമായി വീക്ഷിക്കുന്നു. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം -അധിക തുക നൽകി.

പ്രൊജക്ട് നം : 48/18

പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം

അടങ്കൽ തുക : 10,50,000

ചെലവ് : 8,25,000

ട്രഷറി ബിൽ നം. 2/18/6.1.18 – 4,50,000/-

4/18/16.2.18 – 2,25,000/-

7/18/31.3.18 – 1,50,000

മേൽ പദ്ധതി പ്രകാരം 11 ഗുണഭോക്താക്കൾക്ക് 75,000 രൂപ വീതം നൽകിയിട്ടുണ്ട്. സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ, തിയതി 3.4.2017 സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ഖ.11.5 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം 75,000 രൂപ നിരക്കിൽ നൽകാവുന്നതാണ്. 12-ാം പഞ്ചവത്സര പദ്ധതി പുതുക്കിയ മാർഗ്ഗരേഖ, സർക്കാർ ഉത്തരവ് (കൈ)4/2016 തീയതി 11.01.2016 പ്രകാരമുള്ള 2016-17ന് ബാധകമായ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.5 അനുസരിച്ച് പ്രാബല്യത്തിലുള്ള നിരക്ക് 50,000രൂപ ആയിരുന്നു. താഴെ പറയുന്ന ഗുണഭോക്താക്കളുടെ വിവാഹം നടന്നിട്ടുള്ളത് ധനസഹായം 75,000രൂപയായി വർദ്ധിപ്പിച്ച ഉത്തരവിന്റെ പ്രാബല്യതിയതിയായ 03.04.2017ന മുൻപാണ്.

| ക്രംനം. | അപേക്ഷകയുടെ പേര് | വിവാഹം നടന്ന തിയതി | വിവാഹ സർട്ടിഫിക്കറ്റ് നം./രജി.നം | നൽകാവുന്ന ധനസഹായം | നൽകിയ ധനസഹായം | കൂടുതൽ നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ദേവയാനി ശിവരാജൻ, ചൂണ്ടാണി കുന്നപ്പിള്ളി | 05.02.17 | 978/2017 /03.03.17, രജി.നം.35/17 /03.03.17 | 50000 | 75000 | 25000 |
| 2 | ചിന്ത കൊച്ചി നാടൻ (D/o വള്ളോൻ) മൂഴിക്കകടവ് | 26.03.17 | 4403/17 /25.10.17, രജി.നം.165/17 /23.10.17 | 50000 | 75000 | 25000 |
| ആകെ | | | | | 50000 | |

രണ്ടു ഗുണഭോക്താക്കൾക്ക് അധികമായ നൽകിയ ധനസഹായം 25000+25000=50000രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-19 ഗുണഭോക്തൃസമിതി പ്രവൃത്തികൾ - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ, ചട്ടം 13 വകുപ്പിൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതി രൂപികരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ മിക്കതിലും ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ മുഴുവനായും പാലിച്ചതായി കാണുന്നില്ല. ഭൂരിഭാഗം പ്രവർത്തികൾക്കും സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

2. ഏതാനും പ്രവൃത്തികളിൽ, സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.

3. മിക്ക ഫയലുകളിലും ഏതാനും മെറ്റീരിയൽസ് ബില്ലുകളും മസ്റ്റർറോളും സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് ചെലവിനെ സാധൂകരിക്കുന്നില്ല.

4. ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സിൽ വരവുചെലവ് കണക്ക് അവതരിപ്പിച്ച് പാസ്സാക്കി ക്ലോസ് ചെയ്തിട്ടില്ല. വരവു ചെലവു കണക്കുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷ്മപരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. പദ്ധതി പൂർത്തികരണത്തിന് ശേഷം സംയുക്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃസമിതി പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 13.11.14 ലെ 1/1559 /206/CE/LSGD നം സർക്കുലർ നിർദ്ദേശങ്ങളും പ്രാവർത്തികമാക്കേണ്ടതാണ്.

6.ചീഫ് എഞ്ചിനീയറുടെ 29.12.16 ലെ DB3/6512B/13/CE/LSGD നമ്പർ സർക്കുലർ പ്രകാരം റോഡ് നിർമ്മാണത്തിന് മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കുന്ന കൺവീനർ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് വകയിരുത്തിയതിനാൽ ബിൽ അനുവദിക്കുമ്പോൾ 7.5% ൽ ലിമിറ്റ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. ആയതിനാൽ ബിൽ അനുവദിക്കുമ്പോൾ പ്രവൃത്തിമൂല്യത്തിൽ നിന്നും 2.5% കുറവ് വരുത്തേണ്ടതായിരുന്നു. ആയത് ചെയ്തിട്ടില്ല. ഇത് നിമിത്തം കൺവീനർമാർക്ക് അധികം തുക നൽകാൻ ഇടയായിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.24/3.5.19).അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-20** ഗുണഭോക്തൃസമിതി പ്രവൃത്തികൾ - ഓവർഹെഡ് ചാർജ്ജ് പരിമിതപ്പെടുത്താതെ തുക നൽകി - കൺവീനർമാർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ അനുവദിക്കാവുന്ന ഓവർഹെഡ് ചാർജ് 7.5% ആയി സർക്കാർ നിജപ്പെടുത്തിയതാണ്. (ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14.12.2016ലെ No.Ind & PW – B2/266/2016 – FIN നമ്പർ എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർക്കുള്ള കത്ത്) എന്നാൽ mord/mouth സ്പെസിഫിക്കേഷൻ ഉള്ള പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ്വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക് 10% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ് price softwareൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ 7.5%ൽ കൂടുതൽ ഓവർ ഹെഡ് ചാർജ് അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അധികമായി അനുവദിച്ചത് ഫൈനൽ ബിൽ നൽകുമ്പോൾ തിരിച്ചു പിടിക്കണമെന്ന് തസ്വഭവ ചീഫ് എഞ്ചിനീയറുടെ 29.12.2016 ലെ ഡി.ബി.3/ 6512(ബി)/13/സി.ഇ/ത.സ്വ.ഭ.വ സർക്കുലറിൽ നിർദ്ദേശിച്ചതാണ്. ആയത് താഴെ പറയുന്ന

പദ്ധതികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ പാലിച്ചിട്ടില്ല വിശദാംശം ചുവടെ ചേർക്കുന്നു.
A)പദ്ധതി നം. 136/18

കുന്നപ്പിള്ളി പുഷ്പഗിരി ലിങ്ക് റോഡ് റീ ടാറിംഗ്

അടങ്കൽ തുക : 80,000

ചെലവ് : 77,764

ട്രഷറി ബിൽ നം. 10/30.6.17

എം.ബി.നം. 43/1617

ടി.എസ്.നം. 81976/2016 – 17

കരാർ ഉടമ്പടി നം. 35/16-17 തീയതി. 30.3.17

കൺവീനർ : ടി.സി ജനാർദ്ദനൻ കുന്നപ്പിള്ളി

B.പദ്ധതി നം : 128/18

കല്ലുകുത്തി കനാൽ ബണ്ട് റോഡ് സെക്കന്റ് മെറ്റലിംഗ് & ടാറിംഗ്

അടങ്കല് തുക : 1,50,000 രൂപ

ചെലവ് : 1,32,176 രൂപ

ട്രഷറി ബിൽ നം . 11/31.7.17

ടി.എസ് നം - 14381/2016- 17

എഗ്രിമെന്റ് 27(എ) തിയതി 14.3.2017

കൺവീനർ :വിജയൻ എ.കെ

എം.ബി നം 46/16-17

| പ്രവൃത്തിയുടെ പേര് | ആകെ പ്രവൃത്തി മൂല്യം | കൺവീനർക്ക് അധികം നൽകിയ തുക |
|---|---|---|
| A) 136/18 കുന്നപ്പിള്ളി പുഷ്പഗിരി | 78964 രൂപ | 78964X2.5%=1974രൂപ |

| | | |
|---|---|---|
| ലിങ്ക് റോഡ് റീടാറിംഗ് | | |
| B)128/18 കല്ലുകുത്തി കനാൽ ബണ്ട് റോഡ് സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് | 133576 | 133576X2.5%=3339രൂപ |
| | ആകെ | 5313രൂപ |

മേൽ രണ്ടു പ്രവൃത്തികളുമായി കൺവീനർമാർക്ക് അധികം നൽകാനിടയായ തുക 5313രൂപ ബിൽ അനുവദിച്ച അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. (ഓഡിര്റ് എൻക്വയറി നം.28/03.05.19, 25/03.05.19)

## 3-21 ആശ്രയ ഭവനനിര്മ്മാണം (sc) - കുടുംബശ്രീ 'ആക്കൗണ്ടിലേക്ക് കൈമാറിയ പദ്ധതിപ്പണം വിനിയോഗിച്ചില്ല.

ആശ്രയ ഭവനനിർമ്മാണം (sc)

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

A/c No. – 30107976524

പ്രൊജക്റ്റ് നം : 176/18
ട്രഷറി ബിൽ നം.2/26.03.18

അടങ്കൽ തുക : 11,25,000 (scp)

ചെലവ് : 11,25,000 രൂപ

മേൽ പ്രൊജക്റ്റ് പ്രകാരം ആശ്രയഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി എസ്.സി.പി ഫണ്ടിൽ നിന്നും കുടുംബശ്രീ ആക്കൗണ്ടിലേക്ക് 11,25,000 രൂപ കൈമാറിയിട്ടുണ്ട് (നം.30107976524). 23.03.2018ലെ 2/1നം. തീരുമാന പ്രകാരം മേലൂർ സി ഡി എസ് ചെയർപേഴ്സന്റെ 30.03.2018 ലെ കൈപ്പറ്റു രസീതി ഫയലില് ഉൾപ്പെടുത്തിട്ടുണ്ട്. മേലൂർ എസ്.ബി.ഐ ബാങ്കിലെ ആശ്രയ അക്കൗണ്ടിൽ 03.04.18ന് ക്രെഡിറ്റ് ആയ 1125000രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല. 31.03.18ന് ബാങ്ക് അക്കൗണ്ടിൽ 1938866രൂപ ബാലൻസുണ്ട്. (ഓഡിറ്റ് എൻക്വയറി നം.7/27.04.19) വികസനഫണ്ട് നിഷ്ക്രിയ ആസ്തിയായി ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചത്, ജി.ഒ(പി) 177/2006 പ്രകാരമുള്ള ധനവിനിയോഗ മാർഗ്ഗരേഖ ഖണ്ഡിക.6-1 നിർദ്ദേശത്തിന്റെ ലംഘനമാണ്. ആയത് പ്രകാരം ഭാവിയിൽ ചെലവു വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. പ്രസ്തുത മാർഗ്ഗരേഖയിലെ ഖണ്ഡിക.10.3 പ്രകാരം വിനിയോഗിക്കാത്ത ഫണ്ട് സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സ.ഉ.(എം.എസ്) നം.252/2017/തസ്വഭവ 12.12.2017-അഗതി രഹിത കേരളം – മാർഗ്ഗരേഖ

അനുസരിച്ച് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻഅറിയിച്ചു. മൂന്നാംഘട്ടം അഗതി രഹിത കേരളം (ആശ്രയ) പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന സർവ്വേ നടത്തുകയും ആയതിൽ കണ്ടെത്തിയ ഗുണഭോക്താക്കളെയും ഒന്നും രണ്ടും ഘട്ടങ്ങളിലുണ്ടായിരുന്ന ഗുണഭോക്താക്കളിൽ അർഹരായവരെയും ചേർത്ത് പദ്ധതിക്ക് ഡി.പി.ആർ തയ്യാറാക്കി പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തോടെ കുടുംബശ്രീ ജില്ലാമിഷൻ മുഖേന സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷന് സമർപ്പിച്ചിട്ടുണ്ട്. നീക്കിയിരിപ്പുള്ള തുക കൂടി വിനിയോഗിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | അംഗൻവാടി പോഷകാഹാരം | 200000 | 0 |
| | | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 178550 | 71450 |
| | | 200000 | പാലിയേറ്റീവ് കെയർ | 192980 | 7020 |
| | | 327930 | നെൽകൃഷി വികസനം | 327930 | 0 |
| | | 272000 | ജൈവ പച്ചക്കറി വികസന പദ്ധതി(വനിത) | 95200 | 176800 |
| | | 400000 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 400000 | 0 |
| | | 1173000 | നടപ്പിലാക്കാതിരുന്ന വിവിധ പ്രൊജക്ടുകൾക്ക് വേണ്ടി ലഭ്യമായ തുക(സുലേഖ റിപ്പോർട്ടിൽ വരാത്തത്) | 0 | 1173000 |
| ആകെ | | 2822930 | | 1394660 | 1428270 |
| തിരിച്ചടച്ച തുക | | | | | 1428270 |
| നീക്കിയിരിപ്പ് | | | | | 0 |
| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 570000 | മുൻബാക്കി | | 570000 |
| | | 200000 | അംഗൻവാടി പോഷകാഹാരം | 200000 | 0 |
| | | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 178550 | 71450 |
| | | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്രവാഹനം | 500000 | 0 |
| | | 2000000 | തെരുവു വിളക്ക് സ്ട്രീറ്റ് ലൈനിനുവേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ | 2000000 | 0 |
| | | 400000 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 400000 | 0 |
| | | 1000000 | എസ്.സി.കോളനി സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ | 500000 | 500000 |
| | | 570000 | മേലൂർ ഗ്രാമപഞ്ചായത്തിലെ വിവിധ കുളങ്ങളുടെ ശുചീകരണം | 0 | 570000 |
| | | 1430000 | നടപ്പിലാക്കാതിരുന്ന വിവിധ പ്രൊജക്ടുകൾക്ക് വേണ്ടി ലഭ്യമായ തുക(സുലേഖ റിപ്പോർട്ടിൽ വരാത്തത്) | 0 | 1430000 |
| ആകെ | | 6920000 | | 3778550 | 3141450 |
| തിരിച്ചടച്ചത് | | | | | 2571450 |
| നീക്കിയിരിപ്പ് | | | | | 570000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | ചെക്ക് നം./ ഡിഡി നം. | തുക | | തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ | 21701068 21700900 21700901 | 3260500 | 3260418 | 82 |
| കെ.എസ്.ഇ.ബി. | എസ്.സി.കോളനി സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ | 21700902 21701099 | 1380000 | 880000 | 500000 |

2017-18 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 67000/-രൂപ ഡെപ്പോസിറ്റ് ഉള്ളതായി കാണിച്ചിട്ടുണ്ട്. ടി തുക 16-17 വരെ KWAയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്. ആയത് മേൽപട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | എസ്.സി.ബി മേലൂർ 2184/10/ 02.07.10 | 9720000 | 3253668 | 1786500 | | 1467168 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2510812 |
| തൻവർഷം നിക്ഷേപിച്ച തുക | 196439 |
| ആകെ | 2707251 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2707251 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ

## വിവരം

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 99-2000 | 12 | 2003-04 | വിഭവ ഭൂപടം- തുക സ്വന്തമായി ചെക്കെഴുതി പണം പിൻവലിച്ചു | തടസ്സം ഒഴിവാക്കുന്നതിന് നിയമസഭ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 99-2000 | 13 | 2003-04 | കുടനിർമ്മാണ യൂണിറ്റ് (വനിത) കൺവീനർക്ക് അഡ്വാൻസ് നൽകിയതിന്റെ രേഖകളില്ല | തടസ്സം ഒഴിവാക്കുന്നതിന് നിയമസഭ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 99-2000 | 17 | 2003-04 | വ്യവസായ പരിശീലന കേന്ദ്രം സാമഗ്രികൾ വാങ്ങി – പണി നടന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി നിർദ്ദേശ പ്രകാരം സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ ഉദ്യോഗസ്ഥൻ പരിശോധന നടത്തിയിട്ടുണ്ട്. |
| 99-2000 | 18 | 2003-04 | കൺവീനർക്ക് അധികം നൽകിയ 3829/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ് | തുക അടവാക്കിയിട്ടുണ്ട് |
| 2001-02 | 2.46.1 | 2005-06 | മണൽ പെർമിറ്റ് വിതരണത്തിൽ ധനാപഹരണം | ബഹു.ഓംബുഡ്സ് മാൻ വിധി പ്രകാരം പൈസ അടവാക്കി |
| 2002-03 | 2.8 | 2009-10 | തെരുവ് വിളക്ക് സംബന്ധിച്ച പ്രവൃത്തികൾ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | ധനവിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ട് |
| | 6.1.2 | 2013-14 | പെർഫോർമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല | ഫണ്ട് ലഭിക്കുവാൻ വൈകിയതിനാലാണ് തുക ചെലവഴിക്കാൻ കഴിയാതെ വന്നത്. |
| | 6.13 | 2013-14 | പെർഫോർമൻസ് ഗ്രാന്റിന്റെ വിനിയോഗം ലക്ഷ്യത്തിൽ നിന്ന് | മറ്റ് ഫണ്ടുകൾ ലഭ്യമല്ലാതിരുന്നതിനാൽ കാലവർഷക്കെടുതി മൂലം നാശം |

| | | | | |
|---|---|---|---|---|
| | | | വ്യതിചലിക്കുന്നു. | സംഭവിച്ച റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനാണ് പെർഫോർമൻസ് ഗ്രാന്റ് ഉപയോഗിച്ചത്. |
| | 4.15 | 2014-15 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിടനിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു. | ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കെട്ടിടം ഉപയോഗ യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2014-15 | 2.3 | 2016-17 | തൊഴിൽ നികുതി അപാകതകൾ-കുറവ് നികുതി ഈടാക്കി | കുറവ് വന്ന തുക ഈടാക്കി |
| 2014-15 | 2.4 | 2016-17 | തൊഴിൽ നികുതി ഈടാക്കിയില്ല. | തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,20,25,525 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,78,88,943 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 55313 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5429265 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-18 | - | 50000 | അനൂപ്.സി.എൻ, അസി.സെക്രട്ടറി |
| 3-20 | - | 5313 | സുജിന. കെ.വി. അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1200000 | ഡോ.രജനി ശ്രീധർ<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | | |
|---|---|---|
| 3-8 | 202640 | ലേഖ.വി.<br>സെക്രട്ടറി |
| 3-9 | 566207 | |
| 3-10 | 3260418 | |
| 3-12 | 150000 | |
| 3-15 | 50000 | |
| ആകെ | 5429265 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുജിന.കെ.വി. അസിസ്റ്റന്റ് എഞ്ചിനീയർ, | അസിസ്റ്റന്റ് എഞ്ചിനീയർ, | കൂവക്കാട്ടിൽ വീട്, പാമ്പുതറ റോഡ്, അന്നനാട് |
| അനൂപ്.സി.എൻ അസി.സെക്രട്ടറി | അസി.സെക്രട്ടറി, മേലൂർ ഗ്രാമപഞ്ചായത്ത് | ചക്കംകുളങ്ങര പറമ്പിൽ, പി.ഒ., അവിട്ടത്തുർ-680683 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 97-98 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 98-99 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 99-00 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 2000-01, 01-02 പ്ലാൻ | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 96-97 വരവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 97-98 വരവ് | എൽ.എഫ്.ടി14-62/08/ 27.04.09 |

| | |
|---|---|
| 98-99 വരവ് | എൽ.എഫ്.ടി14-63/08/ 27.04.09 |
| 99-00 വരവ് | എൽ.എഫ്.ടി14-64/08/ 27.04.09 |
| 00-01 | എൽ.എഫ്.ടി14-65/08/ 27.04.09 |
| 01-02 | എൽ.എഫ്.ടി14-66/08/ 27.04.09 |
| 02-03 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 03-04 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 04-05 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 05-06 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 06-07 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 07-08 | എൽ.എഫ്.ടി.പി3-2094/11/ 21.12.11 |
| 08-09 | എൽ.എഫ്.ടി.പി3-2095/11/ 21.12.11/12.03.12 |
| 09-10,10-11 | എൽ.എഫ്.ടി.പി3-2157/12/ 6.03.13/ 6.06.13 |
| 11-12 | എൽ.എഫ്.ടി.പി3-1435/13/ 15.01.14/11.03.14 |
| 12-13 | എൽ.എഫ്.ടി.പി7-1420/14/ 21.01.15/28.03.15 |
| 13-14 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)21/16/ 18.1.16/4.3.16 |
| 14-15 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/1048/16/01.07.16 |
| 2015-16 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/2196/ 2016/7-1-2017 |
| 2016-17 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/1482/ 17 തീയതി 27.11.17/13.12.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.